## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### 100 തൊഴിൽ ദിനങ്ങൾ തികയ്ക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3209

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 തൊഴിൽ ദിനങ്ങൾ തികയ്ക്കുന്ന തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; ഇത് പുരുഷ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2011-12 സാമ്പത്തിക വർഷം 100 ദിവസം പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി 1000 രൂപാ വീതം 2012-13 ൽ വിതരണം ചെയ്തിരുന്നു. 2012-13 സാമ്പത്തിക വർഷം 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് ഓണക്കോടി വാങ്ങുന്നതിനായി 400 രൂപയുടെ ധനസഹായം 2013-14 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം, 100 ദിവസം പൂർത്തീകരിച്ച എല്ലാ വിഭാഗം തൊഴിലാളികൾക്കും കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങളായി 1000 രൂപ വീതവും ഗുണഭോക്തൃ വിഹിതവും സമന്വയിപ്പിച്ച് കൊണ്ട് ഒരു പെൻഷൻ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. (ഇതിന്റെ രൂപരേഖ തയ്യാറാക്കി വരികയാണ്). 2012-13, 13-14 സാമ്പത്തിക വർഷങ്ങളിൽ സ്ത്രീതൊഴിലാളികൾക്ക് മാത്രമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ ആനുകൂല്യങ്ങൾ പുരുഷ തൊഴിലാളികൾക്ക് നൽകുന്ന കാര്യം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ബി) | തരിശുകിടക്കുന്ന പാടങ്ങളിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം നെൽകൃഷി നടത്തുന്നതിനുള്ള സമഗ്രപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ; | (ബി) | ഇല്ല. തൊഴിലുറപ്പ് നിയമമനുസരിച്ച് നെൽകൃഷി അനുവദനീയമായ പ്രവൃത്തിയിനമായി പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുകയില്ല. എന്നാൽ തരിശ്ശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങളും ചെറുകിട ജലസേചന പ്രവർത്തികളും പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന വിവിധ ഉദ്യോഗസ്ഥരുടെ വേതനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിവേദനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ